DES 20/1/23

30/12/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No.135(5)/21/SIC**

**തീർപ്പ്കൽപ്പിച്ചുകൊള്ള നടപടിക്രമം**

**File No. 2422/SIC-G7/2021**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി.**

| | |
|---|---|
| ശ്രീ. അഭിലാഷ്. പി.യു,<br>പനച്ചിക്കളം ഹൗസ്,<br>വൈശ്യം ഭാഗം പി.ഒ,<br>ആലപ്പുഴ. | പരാതിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്,<br>കലവൂർ പി.ഒ, ആലപ്പുഴ. | എതിർകക്ഷി |

## അന്തിമ ഉത്തരവ്

1. പരാതിക്കാരനായ ശ്രീ. അഭിലാഷ് പി.യു 10.02.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി CP 135(5)/19/SIC ആയി ഫയലിൽ സ്വീകരിച്ച് 2022 ജനുവരി മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെ തുടർന്ന് 21.02.2022 തീയതി ഹർജിക്കാരൻ കമ്മീഷന് കത്ത് അയയ്ക്കുകയുണ്ടായി. 2019 മേയിൽ എംപ്ലോയ്മെന്റ് എക്സചേഞ്ച് വഴി 179 ദിവസത്തേക്ക് നിയമനം നടത്തുകയും പ്രസ്തുത കാലയളവിൽ 13 ദിവസം മാത്രം ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് ആഗസ്റ്റിൽ പിരിച്ച് വിടുകയും തുടർന്ന് ഡിസ്ചാർജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് 26.12.2019 നാണ്. ഇത്തരത്തിൽ ഒരു നടപടിയിലെ അപാകതയാണ് ടിയാൻ ചൂണ്ടികാട്ടുന്നത്. കമ്മീഷന്റെ ഉത്തരവിനെ തുടർന്ന് ഇതേ ആവശ്യങ്ങൾ ചൂണ്ടി കാട്ടി നിരന്തരം കമ്മീഷനെ സമീപിക്കുകയുണ്ടായി. തുടർന്ന് 22.09.2022 ൽ എസ്.പി.ഐ.ഒയെയും ഹർജിക്കാരനെയും ഒരിക്കൽ കൂടി നേരിൽ കേട്ടു. എതിർകക്ഷിയിൽ നിന്ന് ലഭിച്ചിട്ടുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സ്വീകാര്യമല്ലെന്നും എംപ്ലോയ്മെന്റിൽ നിന്ന് മറ്റൊരു ജോലിക്ക് ശുപാർശ ചെയ്യുന്നതിന് സഹായമാകുന്ന വിധത്തിൽ ഡിസ്ചാർജ് സർട്ടിഫിക്കറ്റ് നൽകണമെന്നും ടിയാൻ വാദിക്കുന്നു. കുട്ടനാട് എംപ്ലോയ്മെന്റ് ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ റീസൺ കാണിച്ച് ഡിസ്ചാർജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും അത്തരത്തിൽ ഒരു നടപടി സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ എതിർകക്ഷിയ്ക്ക് നൽക

ണമെന്നും കമ്മീഷന്റെ 31.01.2022 തീയതിയിലെ ഉത്തരവ് പുന:പരിശോധിക്കണമെന്നുമാണ് ഹർജിക്കാരൻ കമ്മീഷനെ ബോധിപ്പിച്ചത്.

2. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേക്ക് നിയമിതരായ ജീവനക്കാരുടെ ഡിസ്ചാർജ് സർട്ടിഫിക്കറ്റുകൾ അതാത് വ്യക്തികൾ തന്നെ കമ്പനിയിലെ എച്ച്. ആർ. ഡിപ്പാർട്ട്മെന്റിൽ നിന്നും കളക്ട് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കൊടുക്കുകയാണ് പതിവെന്നും ഡിസ്ചാർജ് സമയബന്ധിതമായി നൽകുവാൻ ഏതെങ്കിലും വിധത്തിലുള്ള കാലതാമസം എച്ച്. ആർ ഡിപ്പാർട്ട്മെന്റിൽ നിന്ന് നേരിടുകയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് അയച്ചു നൽകുന്ന ഡിസ്ചാർജ് സർട്ടിഫിക്കറ്റുകൾ കൈമോശം വരികയോ ചെയ്താൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ ജീവനക്കാരുടെ സീനിയോറിറ്റിയെ ഇത് ബാധിക്കുമെന്നും ഇതു ഒഴിവാക്കുന്നതിനാണ് കാലാകാലങ്ങളായി ഡിസ്ചാർജ് സർട്ടിഫിക്ക് നൽകുന്നതെന്നും ഹർജിക്കാരൻ അവസാനമായി ജോലിയിൽ പ്രവേശിച്ചത് 2019 മേയ് മാസമാണെന്നും അന്നുമുതൽ പല ആവർത്തി ടിയാനോട് ഡിസ്ചാർജ് സർട്ടിഫിക്കറ്റ് വാങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നൽകാൻ ആവശ്യപ്പെട്ടിട്ടും ടിയാൻ ഇത് കൂട്ടാക്കിയിട്ടില്ലായെന്നും തുടർന്ന് 26.12.2019 ൽ ആണ് ഡിസ്ചാർജ് സർട്ടിഫിക്കറ്റ് കൈപ്പറ്റിയതെന്നും ടി കാരണത്താലാണ് ഹർജിക്കാരൻ ആഗസ്റ്റിൽ ജോലിയിൽ നിന്നും discontinue ചെയ്തിട്ടും ഡിസ്ചാർജ് സർട്ടിഫിക്കറ്റ് ഡിസംബറിലാകാനിടയായത് എന്നുംമാണ് എസ്.പി.ഐ.ഒ കമ്മീഷനെ അറിയിച്ചിട്ടുള്ളത്.

3. ടിയാനെ 179 ദിവസം തികയുന്നതിന് മുമ്പ് ജോലിൽ നിന്ന് പിരിച്ച് വിടാൻ കാരണം unauthorized absence ആണെന്നും ടിയാന് നൽകിയ സർട്ടിഫിക്കറ്റിൽ unauthorized absence ആണ് വിടുതൽ നൽകുന്നതിനുള്ള കാരണം എന്ന് പ്രതിപാദിച്ചിട്ടില്ലായെന്നും ആയതുകൊണ്ട് ടിയാന് ഭാവിയിൽ ഏതൊരു ജോലിയ്ക്കും അപേക്ഷ നൽകുവാൻ ഉതകുന്ന തരത്തിലാണ് ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് എന്നുമാണ് എസ്.പി.ഐ.ഒ മൊഴി നൽകിയത്. 19.07.1998 ന് എസ്.എസ്.എൽ.സി യോഗ്യതയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ശ്രീ. അഭിലാഷ് 19.07.95ൽ ക്ലാസ് IV ആയി ക്രമനമ്പർ 716.1 എന്ന സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുകയും എംപ്ലോയമെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 12.04.2016 ൽ കെ.സി.എം.എം.എഫ്.എൽ, പട്ടണക്കാട് എന്ന സ്ഥാപനത്തിൽ വർക്കർ ആയും കെ. എസ്.ഡി.പി. കലവൂർ എന്ന സ്ഥാപനത്തിൽ വർക്കർ ആയി 30.08.2017 ലും സി.പി.ഡി പുന്നപ്രയിൽ വർക്കർ ആയി 02.02.2018 ലും നാമനിർദ്ദേശം നൽകുകയും അതിനുശേഷം 23.09.2016 മുതൽ 20.03.2017 വരെ കെ.സി.എം.എം.എഫ്.എൽ കാറ്റിൽ ഫീഡ് പ്ലാന്റ് പട്ടണക്കാട് എന്ന സ്ഥാപനത്തിലും സി.പിഡി പുന്നപ്രയിൽ 11.08.2018 മുതൽ 05.02.2019 വരെയും വർക്കർ തസ്തികയിൽ താൽക്കാലികമായി ജോലി ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അഭിലാഷിന് 44 വയസ്സുവരെ ക്ലാസ് IV ജോലിക്ക് നാമനിർദ്ദേശം ചെയ്യുന്നതിനായി പരിഗണിക്കുന്നതാണെന്ന് കുട്ടനാട് ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. കെ. എസ്.ഡി.പി എന്ന സ്ഥാപനത്തിൽ നിന്നും മാത്രമാണ് ഇത്തരത്തിൽ ഒരു ഡിസ്ചാർജ് സർട്ടിഫിക്കറ്റ് ടിയാന് നൽകിയിട്ടുള്ളത്. മുമ്പ് ഈ സ്ഥാപനത്തിൽ കൃത്യമായി ജോലി ചെയ്തിട്ടുള്ള ആളാണ് ശ്രീ. അഭിലാഷ് എന്ന എസ്.പി.ഐ.ഒ മൊഴി നൽകിയിട്ടുണ്ട്. മാത്രവുമല്ല 2018 ആഗസ്റ്റിൽ

നടന്ന വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും ടിയാളുടെ സമ്പാദ്യം മുഴുവൻ നഷ്ട മായി എന്നും വെള്ളപൊക്കം കാരണമാണ് ടിയാൾക്ക് എല്ലാ ദിവസവും ജോലിക്ക് ഹാജ രാകാൻ കഴിയാതിരുന്നതെന്നും വന്ന ദിവസങ്ങളിൽ ഓഫീസിൽ കയറാൻ സെക്യൂരിറ്റി അനുവദിച്ചില്ലായെന്നും ടിയാൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഓഫീസിലെ ഹാജർ പുസ്തകത്തിന്റെ പകർപ്പ് എസ്.പി.ഐ.ഒ ഹാജരാക്കിയെങ്കിലും അതിൽ ജോലി ചെയ്യുന്ന വർ കയ്യൊപ്പ് പതിക്കുന്നില്ല എന്നതിനാൽ വിശ്വാസത്തിലെടുക്കുവാൻ കഴിയുന്നില്ല. 1995 ൽ എസ്.എസ്.എൽ.സി പാസ്സാകുകയും തുടർന്ന് പഠിക്കാൻ കഴിയാതെ വന്ന ഒരു വ്യക്ത യാണ് ശ്രീ. അഭിലാഷ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ടിയാൾക്ക് 44 വയസ്സു വരെ ക്ലാസ് IV ജോലിക്ക് നാമനിർദ്ദേശം ചെയ്യുന്നതിനായി പരിഗണിക്കുന്നതാണെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. 26.01.1980 ജനന തീയതിയായിട്ടുള്ള ശ്രീ. അഭിലാഷിന് ഇനി 2 വർഷം കൂടി മാത്രമേ ഈ ആനുകൂല്യം ലഭ്യമാകൂ. കെ.എസ്.ഡി.പിയിൽ നിന്നും കൊടു ത്തിട്ടുള്ള ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാളെ ഇനി ഒരു ജോലിക്കും പരിഗണി ക്കുകയില്ല. ടി സാഹചര്യത്തിൽ ഒരു മാനുഷിക പരിഗണന നൽകി കമ്മീഷന്റെ മുൻ ഉത്ത രവിൽ നിർദ്ദേശിച്ചതുപോലെ ടിയാൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും മറ്റൊരു ജോലി ലഭിക്കുന്നതിനായി ഡിസ്ചാർജ് സർട്ടിഫിക്കറ്റ് പുതുക്കി നൽകണമെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു.

4. പരാതി ഹർജിക്കാരൻ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്ന മറ്റൊരു കാര്യം 31.01.2022 തീയതി യിലെ ഉത്തരവ് പുന:പരിശോധിക്കണമെന്നാണ്. കമ്മീഷന്റെ ഉത്തരവുകൾ പുന:പരിശോ ധിക്കുന്നതിനുള്ള അധികാരം ബഹു. സുപ്രീംകോടതി, ബഹു. ഹൈക്കോടതി എന്നിവിടങ്ങ ളിൽ മാത്രം നിക്ഷിപ്തമാണെന്ന് ഹർജിക്കാരനെ ഓർമ്മപ്പെടുത്തി കൊണ്ട് ഈ പരാതി ഹർജിയിൻമേലുള്ള എല്ലാ നടപടികളും അവസാനിപ്പിച്ച് ഇന്നേ ദിവസം 2022 ഡിസംബർ മാസം 30 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

gs